"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയം ഭരണ വകുപ്പ് - കുടുംബശ്രീ - ബഹു. മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പ്പാ പദ്ധതിയുടെ രണ്ടാം ഗഡു പലിശ സബ്സിഡി വിഹിതമായ 93 കോടി രൂപ "2515-00-102-29(P)- Kudumbashree -Ongoing Programmes" എന്ന ബജറ്റ് ശീർഷകത്തിൽ നിന്നും പിൻവലിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയം ഭരണ(ഐ.എ) വകുപ്പ്

സ.ഉ.(സാധാ) നം.1125/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 11/06/2021

പരാമർശം:- 1 04.04.2020 തീയതിയിലെ സ.ഉ.(കൈ) നം.736/2020/തസ്വഭവ.

2. 29.03.2021 തീയതിയിലെ സ.ഉ.(സാധാ) നം.801 /2021/തസ്വഭവ.

3. 30.03.2021 തീയതിയിലെ സ.ഉ.(സാധാ) നം.812 /2021/തസ്വഭവ.

4. 19.05.2021 തീയതിയിലെ കുടുംബശ്രീ എക്സിക്യൂട്ടിവ് ഡയറക്ടറുടെ 8943/സി/2018/കെ.എസ്.എച്ച്.ഒ നമ്പർ കത്ത്.

<u>ഉത്തരവ്</u>

കോവിഡ് കാലത്തെ ലോക്ക് ഡൗൺ മൂലമുണ്ടായ സാമ്പത്തിക നഷ്ടത്തിന്റെ ആഘാതം കുറയ്ക്കുന്നതിനായി പരാമർശം (1) പ്രകാരം ബഹു. മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പ്പാ പദ്ധതി പ്രഖ്യാപിച്ചുകൊണ്ട് ഉത്തരവായിരുന്നു. മേൽ പദ്ധതിയുടെ ഒന്നാം ഗഡു പലിശ സബ്സിഡി വിഹിതമായ 165,03,75,872/-കോടി രൂപ പരാമർശം (2), (3) എന്നീ ഉത്തരവുകൾ പ്രകാരം കുടുംബശ്രീയ്ക്ക് അനുവദിച്ചു നൽകിയിരുന്നു. ടി പദ്ധതിയുടെ രണ്ടാം ഗഡു പലിശ സബ്സിഡി വിഹിതമായ 93 കോടി രൂപ അനുവദിച്ചു നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കുടുംബശ്രീ എക്സിക്യൂട്ടിവ് ഡയറക്ടർ പരാമർശം (4) മുഖേന സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബഹു. മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പ്പാ പദ്ധതിയുടെ രണ്ടാം ഗഡു പലിശ സബ്സിഡി വിഹിതമായ 93,00,00,000/-രൂപ (തൊണ്ണൂറ്റി മൂന്ന് കോടി രൂപ മാത്രം) " 2515-00-102-29(P)- Kudumbashree -Ongoing Programmes" എന്ന ബജറ്റ് ശീർഷകത്തിൽ നിന്നും പിൻവലിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. തദ്ദേശ സ്വയം ഭരണ ഡ്രോയിങ് ആൻഡ് ഡിസ്ബഴ്സിങ് ഓഫീസർ ടി തുക കുടുംബശ്രീ

എക്സിക്യൂട്ടിവ് ഡയറക്ടറുടെ എസ്. ബി. ഐ മെഡിക്കൽ കോളേജ് ബ്രാഞ്ചിലുള്ള 57027231038(IFS Code SBIN0070029) അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

പകർപ്പ്
എക്സിക്യൂട്ടിവ് ഡയറക്ടർ, കുടുംബശ്രീ
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ & ഇ) കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഇ ആർ എസ് എ./ ജി എസ് എസ് എ) കേരളം, തിരുവനന്തപുരം

ധനകാര്യ ഡവലപ്മെന്റ് വകുപ്പ്(Dev-2/200/2020-Fin)

ജില്ലാ മിഷൻ കോർഡിനേറ്റർ (കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ മുഖേന )

എക്സിക്യൂട്ടീവ് ഡയറക്ടർ ഇൻഫർമേഷൻ കേരള മിഷൻ തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Danuj.M.S

സെക്ഷൻ ഓഫീസർ